**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 526** **23-07-2021 - ൽ മറുപടിയ്ക്ക്**

**തലസ്ഥാനത്തെ ജലവിതരണസംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തലസ്ഥാനത്ത് ജലവിതരണസംവിധാനം നിയന്ത്രിക്കുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാം ,വിശദമാക്കുമോ ; | (എ) | തലസ്ഥാനത്തു ജലവിതരണത്തിനായി 4 ജലശുദ്ധീകരണ ശാലകൾ മുഴുവൻ സമയവും അരുവിക്കരയിൽ പ്രവർത്തിക്കുന്നു. ഹെഡ്‌വർക്സ് ഡിവിഷൻ അരുവിക്കരയിൽ നിന്നും ശുദ്ധീകരിച്ച ജലം നോർത്ത്, സൗത്ത് എന്നീ ഡിവിഷനുകളുടെ നിയന്ത്രണത്തിലൂടെ തലസ്ഥാനത്തു ജലവിതരണം നടത്തി വരുന്നു. നഗരത്തിലെ ശുദ്ധജലക്ഷാമം നേരിടുന്ന ഉയർന്ന സ്ഥലങ്ങളിലേക്ക് വാൽവുകൾ ക്രമീകരിച്ചും പുതിയ ഇന്റർകണക്ഷനുകൾ നൽകിയും ശുദ്ധജലം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പമ്പുകൾ, പമ്പ് ഹൗസുകൾ, പൈപ്പ് ലൈനുകൾ എന്നിവയ്ക്ക് ഉണ്ടാകുന്ന തകരാറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ചു വരുന്നു. കുടിവെള്ളക്ഷാമം സംബന്ധിച്ച പരാതി പരിഹാരത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ ഡെപ്പോസിറ്റ് വർക്കുകളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ നീട്ടി കുടിവെള്ളം എത്തിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. ഇവ കൂടാതെ അമൃത്, സ്റ്റേറ്റ് പ്ലാൻ, എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന AC, പ്രിമോ പൈപ്പുകൾ മാറ്റി പകരം പി.വി.സി, ഡി.ഐ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കാലപ്പഴക്കംചെന്ന പമ്പുകൾക്കു പകരം കാര്യക്ഷമതയുള്ള പുതിയ ശ്രേണിയിൽ പെട്ട VFD സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന പമ്പുകൾ ഉപയോഗിച്ചും ജലവിതരണം നടത്തി വരുന്നു. |
| (ബി) | ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണസംവിധാനത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | ജലവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി വിവിധ ഇടങ്ങളിൽ ക്വിക്ക് റിലീസ് വാൽവുകൾ സ്ഥാപിച്ച് പൈപ്പിൽ ഉണ്ടാകുന്ന അധിക മർദ്ദം നിയന്ത്രിച്ചു വരുന്നു. കൂടാതെ ആധുനികവത്കരണത്തിന്റെയും കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെയും ഭാഗമായി |

| | | | |
|---|---|---|---|
| | | | ബൾക്ക് ഫ്ലോ മീറ്റർ, സ്മാർട്ട് മീറ്റർ, സ്കാഡാ വാട്ടർ മീറ്റർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായി വരുന്നു. പൈപ്പ് ലൈനിൽ ഉണ്ടാകുന്ന ചോർച്ച കണ്ടു പിടിക്കുന്നതിനും അധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താറുണ്ട്. കേരള വാട്ടർ അതോറിറ്റി പുതുതായി നടപ്പിൽ വരുത്തുന്ന "GIS- Based Optimal Site Selection സിസ്റ്റം, Service Interruption Information System, പരാതി പരിഹാര സംവിധാനമായ അക്വാലൂം, SMS Alert Services, POS Machine Integration, Consumer Portal എന്നിവ ജല വിതരണം കൂടുതൽ മികവോടെ നടപ്പാക്കുവാൻ സഹായിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ